ചെലവഴിക്കപ്പെട്ട തുക

(തുക കോടിയിൽ)

വർഷം	*പ്ലാൻ*	*നോൺപ്ലാൻ*
2001-02	2,419.74	9,961.40
2002-03	3,973.51	11,731.22

അക്കൗണ്ടന്റ് ജനറലിന്റെ മാർച്ച് 2004-ലെ താൽക്കാലിക കണക്ക് പ്രകാരം 2003-04 സാമ്പത്തിക വർഷം 4,064.30 കോടി രൂപ പദ്ധതിയിനത്തിലും 13,304.56 കോടി രൂപ പദ്ധതിയേതരയിനത്തിലും ചെലവഴിച്ചതായി കാണുന്നു. ചെലവിനങ്ങളുടെ വകുപ്പടിസ്ഥാനത്തിലുള്ള കണക്കുകൾ ഇപ്പോൾ സൂക്ഷിക്കുന്നില്ല.

(ബി) 2001-02-ൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായത്തിന്റെ വിനിയോഗം ആ വർഷം ലഭിച്ച തുകയേക്കാൾ കുറവായിരുന്നുവെങ്കിലും 2002-03-ൽ അത് ആ വർഷം ലഭിച്ച തുകയേക്കാൾ കൂടുതലായിരുന്നു. 2003-04-ലെ വിശദമായ കണക്കുകൾ ലഭിച്ചിട്ടില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിച്ച തുകയുടെ ചെലവിനെ സംബന്ധിച്ച് വകുപ്പ് തിരിച്ചുള്ള കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. വർഷാന്ത്യത്തിൽ ലഭിക്കുന്ന കേന്ദ്രസഹായം തൻവർഷംതന്നെ പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാറില്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അനുവദിക്കുന്ന തുക അതത്വർഷം വിനിയോഗിക്കാൻ കഴിയാതെവന്നാൽ പ്രസ്തുത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്ക് വിനിയോഗിക്കുന്നതിനായി കേന്ദ്രഗവൺമെന്റിൽനിന്നും പ്രത്യേക അനുമതി വാങ്ങി ചെലവഴിക്കാവുന്നതാണ്. അതിനാൽ പ്രസ്തുത തുക പാഴായി പോകുന്ന സാഹചര്യം ഉണ്ടാകാറില്ല.

വാർഷിക പദ്ധതിയിലെ ആകെ തുകയും ചെലവും

23 [335] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും വാർഷിക പദ്ധതിയിൽ എത്ര ശതമാനം വെട്ടിച്ചുരുക്കുകയുണ്ടായി എന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതി ഓരോ വർഷവും എത്ര കോടിയാണെന്നും ചെലവാക്കിയത് എത്രയെന്നും വിശദമാക്കുമോ;

(സി) 2003-04-ലെ വാർഷിക പദ്ധതിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയെന്ന് വെളിപ്പെടുത്തുമോ:

(ഡി) പ്രസ്തുത വാർഷിക പദ്ധതിയുടെ അടങ്കൽ എത്രയായിരുന്നു; ഇതിൽ എന്തു തുക വികസനത്തിനായി ചെലവഴിച്ചു എന്ന് പറയാമോ;

(ഇ) ഓരോ മേഖലയിലും വികസനത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)	*സാമ്പത്തിക വർഷം*	*ശതമാനം*
	2001-02 . .	25.04
	2002-03 . .	14.93
	2003-04 . .	14.35

(ബി)	*വാർഷിക പദ്ധതി*	*ചെലവ് (രൂപ കോടിയിൽ)*
2001-02	2260	2531
2002-03	3425	3863.37
2003-04	3796.23	3557.42

(സി.പി.എം.യു.-ന്റെ താൽക്കാലിക കണക്കുകൾപ്രകാരം)

(സി) ഉണ്ട്. 635.81 കോടി രൂപ.

(ഡി) 2003-04-ലെ വാർഷിക പദ്ധതിയുടെ പുതുക്കിയ അടങ്കൽ തുക 3796.23 കോടി രൂപയായിരുന്നു. മുഴുവൻ തുകയും വികസനത്തിനായിട്ടാണ് ചെലവഴിച്ചത്.

(ഇ) ഓരോ മേഖലയിലും വികസനത്തിനുവേണ്ടി ചെലവഴിച്ച തുക താഴെ പറയും പ്രകാരമാണ് :

(സി.പി.എം.യു.-ന്റെ താൽക്കാലിക കണക്കുകൾപ്രകാരം)

	മേഖല	*ചെലവഴിച്ച തുക (രൂപ കോടിയിൽ)*
1.	കൃഷിയും ബന്ധപ്പെട്ട സർവ്വീസുകളും	167.75
2.	ഗ്രാമവികസനം	143.12
3.	സഹകരണം	10.50
4.	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും	156.63
5.	വൈദ്യുതി	302.18
6.	വ്യവസായവും ധാതുക്കളും	249.20
7.	ഗതാഗതവും വാർത്താവിനിമയവും	435.24
8.	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും	31.04
9.	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ	518.71
10.	സാമ്പത്തിക സർവ്വീസുകൾ	73.01
11.	ജനറൽ സർവ്വീസുകൾ	21.29
12.	തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് പ്രാദേശിക ആസൂത്രണത്തിനുള്ള പദ്ധതി വിഹിതം	1448.71
	ആകെ	3557.42

LIBRARY ARCHIVES Kerala Legislative Assembly